1986-335856	1990-662890
1987-283154	1991-564161
	1992-560742
	1993-574739
	1994-568034
	1995-531646
	1996-572055
	1997-574774
	1998-559263

13 (*103) സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി

ശ്രീ. കെ. സുധാകരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺസൂൺ കാലത്ത് മത്സ്യബന്ധനത്തിനുപോകുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇക്കാലത്ത് തീരപ്രദേശത്ത് ഉണ്ടാകാനിടയുള്ള പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കാലവർഷക്കാലത്ത് തൊഴിലെടുക്കാനാവാതെ ദുരിതമനുഭവിക്കുന്ന മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസമെത്തിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഫിഷറീസ് വകുപ്പിന്റെ എല്ലാ കടലോര ജില്ലാ ഓഫീസുകളിലും 5 ഫിഷറീസ് സ്റ്റേഷനുകളിലും ഫിഷറീസ് കൺട്രോൾ റൂമുകൾ ആരംഭിച്ചിട്ടുണ്ട്. അത്യാധുനിക സജ്ജീകരണങ്ങൾ ഉള്ള 4 പട്രോൾ ബോട്ടുകൾ രക്ഷാപ്രവർത്തനങ്ങൾക്കായി സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ മറ്റു രണ്ടു ബോട്ടുകളും വാടകയ്ക്കെടുത്ത 6 ബോട്ടുകളും പ്രവർത്തനസജ്ജമാക്കി വിന്യസിക്കുന്നുണ്ട്.

(ബി) സംസ്ഥാന ആരോഗ്യവകുപ്പുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതിനായി സമ്പാദ്യ-ആശ്വാസപദ്ധതി നിലവിലുണ്ട്.

14 (*104) വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. ടി.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വെള്ളപ്പൊക്ക നിയന്ത്രണപ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ പ്രദേശങ്ങളിലാണ് വെള്ളപ്പൊക്ക നിയന്ത്രണപ്രവർത്തനം കൂടുതലായി വേണ്ടിവരുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ജലനിർഗ്ഗമനത്തിനുള്ള പ്രയാസങ്ങളാണ് സംസ്ഥാനത്തെ വെള്ളപ്പൊക്കത്തിനുള്ള ഒരു കാരണമെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ ജലനിർഗമനത്തിനുള്ള തടസ്സങ്ങൾ യഥാസമയം നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ നടത്താൻ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) നദികളിലും തോടുകളിലും ഉണ്ടാകുന്ന വെള്ളപ്പൊക്കനിവാരണ പ്രവർത്തനങ്ങളാണ് പ്രധാനമായും ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ചെയ്തുവരുന്നത്. ഇതിനായി താഴെപ്പറയുന്ന പ്രവൃത്തികളാണ് പ്രധാനമായും നടത്തിവരുന്നത്.

1. ജലനിർഗമനത്തിന് പ്രയാസം നേരിട്ടിട്ടുള്ള ഭാഗങ്ങളിൽ ജലാശയങ്ങളുടെ ആഴവും വീതിയും വർദ്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുക.
2. നദീമുഖങ്ങളിൽ അടിഞ്ഞുകൂടുന്ന എക്കലും മണ്ണും നീക്കം ചെയ്തും നദീമുഖങ്ങളുടെ വ്യാപ്തി വർദ്ധിപ്പിച്ചും കടലിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുക.
3. അമിതമായ കരയിടിച്ചിൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ കരയുടെ സംരക്ഷണത്തിനായി ജലാശയങ്ങളുടെ പാർശ്വങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടുക, ഫ്ളഡ് ബണ്ടുകൾ നിർമ്മിക്കുക.

(സി) വെള്ളപ്പൊക്ക നിവാരണത്തിനായി വർഷകാലത്തിന് മുമ്പത്തെ മഴവെള്ളം സുഗമമായി ഒഴുകിപ്പോകുവാൻ തടസ്സമുള്ള പ്രദേശങ്ങളിൽ അവ നീക്കം ചെയ്യുന്നു. കൂടാതെ നദികളിലും തോടുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്ത് ജലപ്രവാഹം സുഗമമാക്കുന്നു. നദീമുഖങ്ങളിൽ അടിഞ്ഞുകൂടുന്ന എക്കലും മണ്ണും നീക്കംചെയ്ത് ജലനിർഗമനം സുഗമമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തിന്റെ താഴ്ന്ന പ്രദേശങ്ങളിലാണ് വെള്ളപ്പൊക്ക നിയന്ത്രണപ്രവർത്തനങ്ങൾ കൂടുതലായി വേണ്ടിവരുന്നത്. അത്തരം താഴ്ന്നു കിടക്കുന്ന മേഖലകളിൽ താഴെപ്പറയുന്ന പ്രദേശങ്ങളും ഉൾപ്പെടുന്നു.

ചക്കുരക്കടവ്, ബംഗ്ളാദേശ് കോളനി, കനോലി കനാലിന്റെ ഇരുവശങ്ങൾ, പുതിയാപ്പ, ചെട്ടിക്കുളം, വളപട്ടണം പുഴയുടെ താഴ്ന്ന പ്രദേശങ്ങൾ, കുപ്പം പുഴയുടെ തീരങ്ങൾ, മഞ്ചേശ്വരം, മുസ്സോടി ശിരിയ, കോയപ്പാടി, ചേരങ്കൈ, ബേക്കൽ, പള്ളിക്കര, പത്താഴുണ്ട് ഡാം, അതിനോടനുബന്ധപ്പെട്ട സമീപപ്രദേങ്ങൾ, കിള്ളിയാർ, കരമനയാർ, വാമനപുരം നദി തുടങ്ങിയവയുടെ തീരപ്രദേശങ്ങൾ.

(ഇ) ഉണ്ട്.

(എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

15 (*105) പുതിയ ജലസേചന പദ്ധതികൾ

<u>ശ്രീ. എ.കെ. മണി</u> :
<u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ജലസേചനപദ്ധതികൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നുണ്ടോ;

(ബി) നിലവിലുള്ള പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ;

(സി) വീട്ടുപറമ്പുകളാക്കിയും വ്യവസായാവശ്യത്തിന് നീക്കിവച്ചും നിലങ്ങൾ നികത്തിയും പദ്ധതികളിൽനിന്നും ജലസേചനം നടത്തേണ്ട ഭൂവിസ്തൃതി ഗണ്യമായി കുറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മണ്ണൊലിപ്പുമൂലവും വൃഷ്ടിപ്രദേശങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾമൂലവും അണക്കെട്ടുകളുടെ കപ്പാസിറ്റി സാരമായി കുറഞ്ഞിട്ടുള്ള കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ;

(ഇ) നിലവിലുള്ള ജലസേചനപദ്ധതികളെക്കുറിച്ചും അതുമൂലമുള്ള ഉല്പാദനവർദ്ധനവിനെക്കുറിച്ചും വിശദമായ പഠനം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> :

(എ) ഉണ്ട്.

(ബി) നിലവിലുള്ള പദ്ധതികൾ ഭാഗികമായി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly